# അക്കാദമിക മാസ്റ്റർ പ്ലാൻ

# ഗവ. എൽ.പി.എസ്.ശാസ്തമംഗലം

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്ത് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും കുട്ടികളിൽ വളർത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാകണം. സ്കൂൾ തന്നെ പാഠപുസ്തകമാകണം. ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് ആസ്വാദ്യകരമായ വിദ്യാലയാന്തരീക്ഷം നമുക്ക് സൃഷ്ടിക്കാം.

## സ്കൂൾ ഗുണപരമായ കാര്യങ്ങൾ

തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ വരുന്നതാണ് ശാസ്തമംഗലം ഗവ.എൽ.പി.എസ് നഗരഹൃദയത്തിൽ തന്നെ സ്ഥിതി ചെയ്യുന്നതിനാൽ ശാസ്തമംഗലം ഗവ.എൽ.പി. എസ്സിലേയ്ക്ക് ഗതാഗതസൗകര്യം കൂടുതലാണ്. നഗര പ്രദേശത്തെ പ്രധാന സ്ഥലങ്ങളിലെല്ലാം എത്താൻ എളുപ്പവുമാണ്. വളരെ ശക്തമായ ഒരു പൂർവ വിദ്യാർത്ഥി സംഘടന നമ്മുടെ സ്കൂളിലുണ്ട്. ഏതു കാര്യത്തിനും മുന്നിട്ടിറങ്ങുന്ന പൂർവ്വ വിദ്യാർത്ഥി സംഘടനയ്ക്കൊപ്പം കൈ കോർത്ത് നിൽക്കാൻ സുസജ്ജമായ SMC യും ഉണ്ട് എന്നത് ഈ സ്കൂളിന്റെ പ്രത്യേകതയാണ്. സകൂളിലെ ഏതു പ്രവർത്തനത്തിനും മികച്ച നേതൃത്വം നൽകാൻ പ്രാപ്തയായ ഹെഡ്മിസ്ട്രസ്സും മികച്ച അധ്യാപകരും ഈ സ്കൂളിലുണ്ട്. കൂടാതെ വാർഡ് കൗൺസിലറായ മധുസൂദനൻ നായരുടെ പിന്തുണയും സ്കൂളിന് ലഭിക്കുന്നുണ്ട്.

## ഗവ. LPS ശാസ്തമംഗലം - ചരിത്രം, മികവുകൾ

ഈ വിദ്യാലയത്തിന് 120 വർഷത്തെ പ്രവർത്തന ചരിത്രമുണ്ട്. കുട്ടികളുടെ ബുദ്ധിപരവും കായികവുമായ വികാസത്തിന് അനുയോജ്യമായ ഭൗതികാന്തരീക്ഷവും ശിശു സൗഹൃദ പഠനാന്തരീക്ഷവും ഇവിടെ നിലനിൽക്കുന്നു. ക്ലാസ്സ് മുറികൾ സ്മാർട്ട് ക്ലാസ്സ് റൂമുകളായി രൂപാന്തരപ്പെട്ടു. കുട്ടികൾക്കായി കമ്പ്യൂട്ടർ ലാബ്, LCD Projector, Display Board, Magic Wall എന്നിവ സജ്ജമാക്കിയിരിക്കുന്നു. വിശാലമായ സ്കൂൾ അങ്കണവും ആഡിറ്റോറിയവും ഈ സ്കൂളിന്റെ ആകർഷണീയത വർദ്ധിപ്പിക്കുന്നു.

# <u>വിദ്യാലയ മികവുകൾ</u>

- സ്മാർട്ട് ക്ലാസ്സ് റൂംസ്
- രണ്ടായിരത്തിലധികം പുസ്തകങ്ങൾ ഉള്ള ലൈബ്രറി
- പച്ചക്കറിത്തോട്ടം
- പത്രവായന പ്രോത്സാഹിപ്പിക്കുന്നതിനായി പത്രങ്ങൾ
- സുസജ്ജമായ കമ്പ്യൂട്ടർ ലാബ്
- യോഗ ക്ലാസ്സ്
- Zumba
- സ്കൂൾ ബസ് സൗകര്യം
- ക്ലാസ്സ്റൂം ലൈബ്രറി
- വിശാലമായ ആഡിറ്റോറിയം
- മിനിടർഫ്
- Children's Park
- Dining Hall

# അക്കാദമിക മാസ്റ്റർ പ്ലാൻ

## പ്രീ പ്രൈമറി 2025-26

| ക്രമനം | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചാർജജ് | സാമ്പത്തികം | Remarks |
|---|---|---|---|---|---|---|
| 1. | കുടുംബം | പാവനാടകം - സുന്ദരി പാവ കൂട്ടുകാരനോട് വീട്ടിലുളള അച്ഛനെയും അമ്മയെയും അപ്പൂപ്പനെയും പരിചയപ്പെടുത്തുന്നു. തിരിച്ച് കൂട്ടുകാരൻ ചേട്ടനെയും ചേച്ചിയേയും പരിചയപ്പെടുത്തുന്നു. | ജൂൺ | | | |
| 2. | വീടും പരിസരവും | ചിത്ര കാർഡുകൾ ഉപയോഗിച്ച് വീടും പരിസരവും കാണിക്കുന്നു. കുഞ്ഞുങ്ങൾക്ക് സൗഹൃദ സംഭാഷണത്തിലൂടെ അവരവരുടെ പരിസരത്തെയും വീടിനെയും കുറിച്ച് പറയാൻ അവസരം നൽകുന്നു. | ജൂൺ | | | |
| 3. | ശുചിത്വം | ചാർട്ട് പേപ്പറിന്റെ ഒരു വശത്ത് ടൗവ്വൽ, നെയിൽ കട്ടർ, ചീപ്പ്, സോപ്പ് എന്നീ ചിത്രങ്ങളും മറ്റേവശത്ത് കുളിക്കുന്ന ഒരു കുട്ടി, വിരൽ, തല, കൈ കഴുകുന്ന കുട്ടി എന്നീ ചിത്രങ്ങൾ നൽകി യോജിപ്പിക്കാൻ അവസരം നൽകുന്നു. ശുചിത്വ ശീലങ്ങളെക്കുറിച്ച് സൃഹൃദ സംഭാഷണം നടത്തുന്നു. | | | | |

| | | | | | | |
|---|---|---|---|---|---|---|
| 4 | മഴയും കാലാവസ്ഥയും | പാവനാടകം - തവളയും കോഴിക്കുഞ്ഞും ഒരിക്കൽ നടക്കാനിറങ്ങി. മഴക്കാലമായിരുന്നു. നടന്ന് നടന്ന് അവർ നദിക്കരയിലെത്തി. പെട്ടെന്ന് തവള വെള്ളത്തിലേക്ക് ഒറ്റച്ചാട്ടം. കോഴിക്കുഞ്ഞിന് വിഷമമായി. ഒരു ചുണ്ടെലി അതിലെ വന്നു. മഴയിപ്പോൾ പെയ്യും എന്തിനാ ഇവിടെ ഒറ്റയ്ക്ക് നിൽക്കുന്നത്. നടന്നതെല്ലാം കോഴിക്കുഞ്ഞ് പറഞ്ഞു. ചുണ്ടെലി ചെന്ന് ഒരു കീറിയ വാഴയില കൊണ്ടുവന്നു. മഴ പെയ്യുമ്പോൾ ഇത് പിടിക്കണേ. അപ്പോൾ തന്നെ മഴ പെയ്തു. കോഴിക്കുഞ്ഞും ചുണ്ടെലിയും ഇലയുടെ അടിയിൽ കയറി നനയാതെ നിന്നു. അപ്പോഴേക്കും കോഴിക്കുഞ്ഞ് നനഞ്ഞല്ലോ, കളിയാക്കാം എന്ന് കരുതി തവള തല പൊക്കി. കോഴിക്കുഞ്ഞും ചുണ്ടെലിയും മഴ ആസ്വദിച്ച് നിൽക്കുന്നത് കണ്ട് തവള നാണിച്ചുപോയി. | | | | |
| 5 | സസ്യങ്ങൾ, പഴങ്ങൾ | ചാർട്ട് പേപ്പറിൽ രണ്ട് ബാസ്ക്കറ്റുകൾ നിർമ്മിക്കുന്നു. കളർ പേപ്പർ ഉപയോഗിച്ച് പഴങ്ങളും പച്ചക്കറികളും നിർമ്മിച്ച് രണ്ട് ബാസ്ക്കറ്റിലും പ്രത്യേകം പ്രത്യേകം വയ്ക്കാൻ പറയുന്നു. | ജൂലൈ | | | |

| | | | | | | |
|---|---|---|---|---|---|---|
| 6 | ആഹാരം | പപ്പറ്റ് ഷോ - അമ്മയും കുഞ്ഞും.<br>കുഞ്ഞ് - അമ്മേ എനിക്ക് വിശക്കുന്നു.<br>അമ്മ - മോൾ പോയി കുളി ച്ചിട്ടു വാ.<br>കുഞ്ഞ് - എനിക്ക് മാഗി തന്നെ വേണം.<br>അമ്മ - ശരി മോള് വരു മ്പോൾ അമ്മ ഉണ്ടാക്കി വയ്ക്കാം.<br>കുഞ്ഞ് - ശരി അമ്മേ<br>കുഞ്ഞ് - അമ്മേ ഞാൻ എത്തി.<br>അമ്മ - ഇതാ ഇത് കഴിക്കൂ.<br>കുഞ്ഞ് - അയ്യേ ഇതെന്താ വെള്ളനിറം<br>അമ്മ - കഴിച്ചു നോക്കു മോളേ<br>കുഞ്ഞ് - മാഗിപോലെ തന്നെ നല്ല മധുരവും ഉണ്ട്. മണമൊന്നുമില്ല. മഞ്ഞനിറ വുമില്ല.<br>അമ്മ - ഇതാണ് നൂൽപുട്ട്. മാഗിപോലുള്ള ആഹാര സാധനങ്ങൾ കഴിച്ചാൽ വയറു കേടാവും.<br>കുഞ്ഞ് - അമ്മേ നാളെ സ്കൂളിൽ പോകുമ്പോൾ വെള്ള മാഗി ഉണ്ടാക്കിത്തര ണേ.<br>അമ്മ - ശരി മോളെ. | | | | |
| 7 | ആഘോഷ ങ്ങൾ, സ്വാത ന്ത്ര്യദിനം | സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട് പതാകയുടെ 3 നിറങ്ങൾ ത്രികോണാകൃതി യിൽ വെട്ടിയെടുത്ത് നൂലിൽ പശ തേച്ച് തോര ണങ്ങൾ നിർമ്മിക്കുന്നു. കുഞ്ഞുങ്ങളെ പങ്കാളിയാ ക്കുന്നു. | ആഗസ്റ്റ് | | | |

| | | | | | | |
|---|---|---|---|---|---|---|
| 8 | ആരോഗ്യം, രോഗങ്ങൾ, ആശുപത്രി | പാവനാടകം - ഡോക്ടറും കുട്ടിയും<br>കുട്ടി - ഹലോ ഡോക്ടറ ങ്കിൾ സുഖമാണോ.<br>ഡോക്ടർ- ആ സുഖമാ ണല്ലോ. മോൾക്ക് സുഖമാ ണോ.<br>കുട്ടി - എനിക്ക് അത്ര സുഖമൊന്നുമല്ല ഡോക്ടർ<br>ഡോക്ടർ- എന്താ പറ്റിയത്<br>കുട്ടി - ഇടയ്ക്കിടയ്ക്ക് എനിക്ക് പല്ലു വേദന വരും<br>ഡേക്ടർ - മോൾ ഒരു ദിവസം എത്ര നേരം പല്ല് തേയ്ക്കും.<br>കുട്ടി - ഒരു നേരം<br>ഡോക്ടർ- അതു പറ്റില്ല. ദിവസവും രണ്ടു നേരം പല്ലു തേക്കണം. രാത്രിയിൽ കിടക്കുന്നതിന് മുമ്പ് തീർച്ച യായും പല്ല് വൃത്തിയാക്ക ണം. നമ്മൾ കഴിക്കുന്ന ഭക്ഷണത്തിന്റെ ചെറിയ ഭാഗം ഇരുന്നാലും മതി കീടാണുക്കൾ വരാൻ. അവ ആഹാരം കഴിച്ചു കഴിഞ്ഞ് പല്ലിനെ ആക്രമിക്കും. അങ്ങനെയാണ് വേദന വരു ന്നത്.<br>കുട്ടി - ശരി അങ്കിൾ. ഇന്ന് മുതൽ ഞാൻ രണ്ട് നേരം പല്ലുതേയ്ക്കാം. | | | | |

| | | | | | | |
|---|---|---|---|---|---|---|
| 9 | പൂക്കൾ, പൂന്തോട്ടം, ശലഭങ്ങൾ | പൂമ്പാറ്റയുടെ ചിത്രം വരച്ച് നിറം നൽകുന്നു. പൂമ്പാറ്റ യെക്കുറിച്ചുള്ള പാട്ട് പാടുന്നു.<br>പൂമ്പാറ്റേ പൂമ്പാറ്റേ<br>പൂക്കളൊക്കെ വിരുന്നൊരുക്കി കാത്തിരിക്കുന്നു.<br>വെട്ടം വന്നു തട്ടിയപ്പോൾ<br>ഞെട്ടിയുണർന്നു<br>ഞെട്ടിൽനിന്നും മൊട്ടു-<br>കളായി പൊട്ടിവിരിഞ്ഞേ | സെപ്റ്റംബർ | | | |
| 10 | ഓണം, റംസാൻ | പൂക്കളനിർമ്മാണം. കുഞ്ഞുങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് പൂവിറുക്കൽ, തരം തിരിക്കൽ തുടങ്ങിയവ | | | | |
| 11 | പച്ചക്കറികൾ | പച്ചക്കറിപാട്ട് പാടിക്കുന്നു. (ചിത്രങ്ങൾ കൊടുത്ത്)<br>ഒന്നാം വേലിയ്ക്കൽ<br>ചെന്നു പറിച്ചു<br>ഒന്നര വട്ടി മത്തങ്ങ<br>എനിക്കും വേണം മത്തങ്ങ<br>എന്റേ ചേട്ടനും വേണം<br>മത്തങ്ങ<br>മത്തങ്ങ പറിച്ചോളു<br>നിങ്ങൾ മത്തന്റെ വള്ളി<br>മുറിയ്ക്കരുതേ<br>എന്നു തുടങ്ങുന്ന ഗാനം പാടിക്കുന്നു.<br>(പടവലം, വെള്ളരി, കത്തിരി, തക്കാളി) | സെപ്റ്റംബർ | | | |
| 12 | ഗാന്ധിജയന്തി | ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട് ബാഡ്ജ് നിർമ്മാണം - മൂന്ന് കളർ ചാർട്ട് പേപ്പർ ദീർഘചതുരത്തിൽ വെട്ടിയെടുത്ത് മുകൾഭാഗം വൃത്തത്തിൽ വെട്ടിയെടുത്ത ഭാഗവുമായി ഒട്ടിക്കുന്നു. കലണ്ടറിൽ നിന്നെടുത്ത ഗാന്ധിജിയുടെ ചിത്രം നടുവിൽ ഒട്ടിക്കുന്നു | ഒക്ടോബർ | | | |

| | | | | | | |
|---|---|---|---|---|---|---|
| 13 | ജീവികൾ, വളർത്തു ജീവികൾ, വളർത്തു പക്ഷികൾ | പപ്പറ്റ് ഷോ - പട്ടിക്കുട്ടിയും പൂച്ചയും<br>പൂച്ച - മ്യാവൂ<br>പട്ടി - ആരാ മ്യാവൂ വച്ചത്<br>പട്ടി - നീ ആണോ മ്യുവു വച്ചത്.<br>കോഴി - ഞാനല്ല. ഞാൻ കൊക്കക്കോ എന്നാണ് ശബ്ദം വയ്ക്കുന്നത്.<br>പട്ടി -നീ ആണോ മ്യാവു വച്ചത്<br>വലിയ പട്ടി - ബൗ ബൗ ഞാനല്ല.<br>പട്ടി -നീ ആണോ മ്യാവൂ വച്ചത്.<br>തേനീച്ച - ഹും ഞാനല്ല... ഉം..ഉം..<br>പട്ടി -അയ്യോ എന്റെ മൂക്കു പോയേ. മൂക്കിൽ കുത്തിയേ.<br>പൂച്ച - മ്യാവൂ...ഞാനാ ശബ്ദം വച്ചത്. ഇവിടെയുള്ള മൃഗങ്ങളെ തിരിച്ചറിയാൻ വേണ്ടിയാണ്. ആ തേനീച്ച നിന്നെ കുത്തിയോ ഞാൻ മരുന്ന് വച്ചു തരാം. | | | | |
| 14 | വന്യജീവികൾ | പപ്പറ്റ് ഷോ<br>കരടിയും കുറുക്കനും വാഴയും ചേനയും കൃതി ചെയ്ത കഥ. അവതരിപ്പിക്കുന്നു. | ഒക്ടോബർ | | | |
| 15 | മണ്ണ്<br>കൃഷി | ഐ.സി.റ്റി. ഉപയോഗിച്ച് നെൽകൃഷി പരിചയപ്പെടുത്തുന്നു. ലെൻസ് ഉപയോഗിച്ച് മണ്ണ് നിരീക്ഷിക്കാൻ അവസരം ഒരുക്കുന്നു. | ഒക്ടോബർ | | | |
| 16 | തൊഴിൽ | ഡോക്ടർ, ടീച്ചർ, പോലീസ് എന്നിവരായി ചമഞ്ഞ് കളി (ഭമനിപറച്ചിൽ)യ്ക്ക് അവസരം ഒരുക്കുന്നു. | നവംബർ | | | |

| | | | | | | |
|---|---|---|---|---|---|---|
| 17 | ശിശുദിനം | നെഹ്റു തൊപ്പി നിർമ്മാണം. കുഞ്ഞുങ്ങളെ പങ്കാളിയാക്കിക്കൊണ്ട് ന്യൂസ് പേപ്പറിൽ തൊപ്പി നിർമ്മിക്കുന്നു. | നവംബർ | | | |
| 18 | പക്ഷികൾ | പക്ഷികളുടെ ചിത്രം കളക്ട് ചെയ്ത് പക്ഷി ആൽബം നിർമ്മിക്കുന്നു. | നവംബർ | | | |
| 19 | പ്രാണികൾ, ഇഴജന്തുക്കൾ | കൂട്ടുകാരെ കണ്ടെത്തൂ. പ്രാണികളുടെ ചിത്രങ്ങൾ ഇടതും വലതും ആയി ക്രമം തെറ്റിച്ച് നൽകുന്നു. കുട്ടികളോട് ശരിയായത് യോജിപ്പിക്കാൻ പറയുന്നു. | ഡിസംബർ | | | |
| 20 | വസ്ത്രം | ചൂടുകാലം, തണുപ്പ് കാലം ഉപയോഗിക്കുന്ന വസ്ത്രങ്ങൾ എന്നിവയെക്കുറിച്ച് സൗഹൃദസംഭാഷണം നടത്തുന്നതിനോടൊപ്പം തൊടാൻ അവസരം നൽകുന്നു. | ഡിസംബർ | | | |
| 21 | ക്രിസ്തുമസ്സ് | മുട്ടത്തോടിൽ ക്രിസ്മസ്സ് പപ്പയെ ഉണ്ടാക്കി (അകത്ത് മണ്ണു നിറത്ത് മെഴുക് ഉരുക്കി ഒഴിക്കുന്നു) തൊപ്പി ധരിപ്പിക്കുന്നു. | ഡിസംബർ | | | |
| 22 | വാഹനങ്ങൾ | വഴി കണ്ടെത്തൽ. വാഹനം വരച്ച് ബസ്സ് സ്റ്റാന്റിൽ എത്താനുള്ള വഴി (ചിത്രം നൽകുന്നു) | ജനുവരി | | | |
| 23 | എന്റെ ഗ്രാമം | ഗ്രാമക്കാഴ്ചകൾ കാണാനിറങ്ങിയ കൂട്ടുകാർ. (തവള, കോഴിക്കുഞ്ഞ്, ഉറുമ്പ്, വണ്ട്, ചുണ്ടെലി). ചിത്രകാർഡുകൾ ഉപയോഗിച്ച് കഥ പറയുന്നു. | ജനുവരി | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 24 | പൊതുസ്ഥാപനങ്ങൾ | പൊതുസ്ഥാപനങ്ങളെക്കുറിച്ച് സൗഹൃദസംഭാഷണവും ചിത്ര കാർഡുകൾ ഉപയോഗിച്ച് കുഞ്ഞുങ്ങൾക്ക് പറയാനവസരം ഒരുക്കുന്നു. പോസ്റ്റോഫീസ് മാതൃക നിർമ്മിക്കുന്നു. | ജനുവരി | | | | |
| 25 | കലകൾ, പ്രാദേശിക ഉത്സവങ്ങൾ | പാവനാടകം. അമ്മ, അച്ഛൻ, മകൾ ഉത്സവം കാണാൻ പോകുമ്പോൾ ഉള്ള സംഭാഷണം പാവകളിയിലൂടെ അവതരിപ്പിക്കുന്നു. കുഞ്ഞുങ്ങൾക്ക് ചെയ്യാനവസരം നൽകുന്നു. | ഫെബ്രുവരി | | | | |
| 26 | ആകാശം | രാത്രിയിലെ ആകാശം, പകൽ ആകാശം രണ്ട് ചിത്രങ്ങളും നൽകി നിറം കൊടുപ്പിക്കുന്നു. വ്യത്യാസം കണ്ടെത്തുന്നു. രാത്രിയിൽ കാണുന്ന പറവകൾ, നക്ഷത്രം, അമ്പിളി - ചിത്രം വരപ്പിക്കുന്നു. | ഫെബ്രുവരി | | | | |
| 27 | കളികൾ, വിനോദങ്ങൾ | കുളം/കര, കാക്ക, പറ പറ, പൂച്ച പറ, പറ എന്നീ ആസൂത്രിത കളികൾ കളിപ്പിക്കുന്നു. ഇൻഡോർ ഗെയിം -പാമ്പും ഏണിയും, കാരംസ് എന്നിവ കളിപ്പിക്കുന്നു. | | | | | |
| 28 | വാർത്താവിനിമയ മാധ്യമങ്ങൾ | ടിവി, ഫോൺ, റേഡിയോ, ലാപ്ടോപ്പ് എന്നിവയിലൂടെ നമ്മൾ ലോകത്തുള്ള എല്ലാ കാര്യങ്ങളും ഇവിടെയിരുന്ന് അറിയുന്നു. 2 പേപ്പർ കപ്പ്, നൂല് ഇവ ഉപയോഗിച്ച് കളിഫോൺ നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉപയോഗിക്കാൻ അവസരം നൽകുന്നു. | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 29 | വെള്ളം<br>പുഴ, കടൽ | പരീക്ഷണങ്ങൾ<br>1) മഴ പെട്ടയ്യെ മഴ നിൽക്ക ട്ടെ.<br>പ്ലാസ്റ്റിക് ബോട്ടിലിൽ ദ്വാര മുണ്ടാക്കി മഴ പെയ്യിക്കുന്നു. കുഞ്ഞുങ്ങളെക്കൊണ്ടും ചെയ്യിപ്പിക്കുന്നു.<br>2) മുങ്ങുന്നവയും പൊങ്ങു ന്നവയും കണ്ണാടി പാത്ര ത്തിൽ വെള്ളം നിറച്ച് പരീ ക്ഷണം ചെയ്യിക്കുന്നു. | | | | |
| 30 | കാട്, മരങ്ങൾ | സ്കൂൾവളപ്പിലെ മരങ്ങളെ പരിചയപ്പെടുത്തുന്നു. ഇല മണത്തു നോക്കി ചെടി തിരിച്ചറിയുന്നു. ഫല വൃക്ഷ ങ്ങളെക്കുറിച്ച് ചിത്രങ്ങൾ കാണിക്കുന്നു. നിറം നൽകാൻ അവസരം നൽകുന്നു. മരങ്ങളിൽനിന്ന് നമുക്ക് ലഭിക്കുന്നവ. കാട്ടിൽ താമസിക്കുന്നവർ ആരെല്ലാം. ഇതെല്ലാം പറ യാൻ അവസരം നൽകുന്നു. | | | | |

## Std. I
## Subject - ഭാഷ

**ലക്ഷ്യം**

ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളേയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

| Sl. No. | മേഖല Area | പ്രവർത്തനങ്ങൾ Activities | സമയം Time | സാമ്പത്തികം Finance | Remarks |
|---|---|---|---|---|---|
| 1 | ഭാഷാപരമായ കഴിവ് വളർത്തുക. | ധാരാളം കഥ കേൾക്കുവാനുള്ള അവസരം കുട്ടികൾക്ക് നൽകുന്നു. | ജുലൈ-ഓഗസ്റ്റ് | | |
| 2 | ബാലസാഹിത്യകൃതികൾ വായിപ്പിക്കുവാനുള്ള താല്പര്യം സൃഷ്ടിക്കുക. | കഥാപുസ്തകങ്ങൾ വീട്ടിൽ നൽകി രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. | | | |
| 3 | സ്വന്തമായ രീതിയിൽ ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക. | കഥ ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു. കേട്ട കഥയിലെ ആശയം വാചികമായി പറയുവാൻ അവസരം നൽകുന്നു.<br><br>കേട്ട കഥയിലെ ആശയം ഗ്രഹിക്കുകയും സ്വന്തം രീതിയിൽ ആശയത്തെ നോട്ടുപുസ്തകത്തിൽ ചിത്രീകരിക്കുകയും ചെയ്യുന്നു. കുട്ടി സ്വന്തമായി ആശയം പങ്കുവയ്ക്കുന്നു.<br><br>ചിത്രത്തെ അടിസ്ഥാനമാക്കി കഥ പറയുന്നു. പ്രധാന കഥാപാത്രങ്ങളുടെ ചിത്രം വരച്ച് അവയുടെ പേര് എഴുതുന്നു.<br><br>ചാർട്ടിൽ കഥാചിത്രങ്ങൾ ഒട്ടിക്കുന്നു. കഥയുടെ കുറച്ച് ഭാഗം ചാർട്ടിൽ | സെപ്തംബർ<br><br>ഒക്ടോബർ<br><br>നവംബർ<br><br>ഡിസംബർ | കൂടുതൽ ലൈബ്രറി പുസ്തകങ്ങൾ കണ്ടെത്തണം. ലൈബ്രറി | |

| | | | | | |
|---|---|---|---|---|---|
| | | എഴുതുന്നു. അധ്യാപികയുടെ സഹായത്തോടെ കുട്ടികൾ വായിക്കുന്നു. കഥയുടെ ബാക്കി ഭാഗം കുട്ടികൾ ചിത്രം വരച്ച് തയ്യാറാക്കുന്നു. ക്ലാസ്സ് ലൈബ്രറി ശക്തമാക്കുന്നു. കുട്ടികൾ കഥ പറയുന്നു. | | മെച്ചപ്പെടുത്തുവാനുള്ള ഫണ്ട് സമാഹരണം നടത്തണം. | |
| | | ബാലസാഹിത്യകൃതികൾ ക്ലാസ് ലൈബ്രറിയിൽ നിന്നും എടുത്ത് അനുയോജ്യമായ വായനകാർഡുകൾ രക്ഷിതാക്കളുടെയും അധ്യാപികയുടെയും സഹായത്തോടെ തയ്യാറാക്കുന്നു. വായിക്കുന്നു. | ജനുവരി/ ഫെബ്രുവരി | | ഐ.സി.റ്റി. സാധ്യത കൂടുതൽ പ്രയോജനപ്പെടുത്തുന്നു. |
| | | ലഘു ചിത്രകഥാ പുസതകങ്ങൾ കുട്ടി സ്വന്തമായി തെരഞ്ഞെടുക്കുകയും വായിക്കുകയും ചെയ്യുന്നു. കഥയിലെ പ്രധാന സംഭവങ്ങളുടെയും കഥാപാത്രങ്ങളുടെയും ചിത്രം വരച്ച് വായനക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു. | മാർച്ച് | | |

## Std. I
## Subject– English

**Aim**

To speak, read and write simple English without any mistake.

| Sl. No. | Area | Activities | Time | Finance | Remarks |
|---|---|---|---|---|---|
| 1 | Listening<br>Reading<br>Writing | • To develop learning skills<br>• Play games<br>• Hello English activities | July/August | | |
| | | • To read simple words with the help of reading cards. | September/October | | |
| | | • Draw simple pictures and prepare reading card on the basis of the library text they have read. | November-December | | |
| | | • Reads and shares the idea in the worksheet on the basis of pictures | January-February | | |
| | | • Reads simple words and sentences | March | | |

# Std. I
## Subject–ഗണിതം

**ലക്ഷ്യം**

ഒരക്കസംഖ്യകൾ എണ്ണിയെടുക്കുന്നതിനും സംഖ്യകൾ വായിക്കുന്നതിനും എഴുതുന്നതിനും.

| Sl. No. | മേഖല Area | പ്രവർത്തനങ്ങൾ Activities | സമയം Time | സാമ്പത്തികം Finance | Remarks |
|---|---|---|---|---|---|
| 1 | ചിത്രങ്ങളുടേയും ടോക്കണുകളുടേയും സഹായത്തോടെ ഒരക്ക സംഖ്യകൾ സ്വന്തമായി എണ്ണുന്നു. | സംഖ്യാകാർഡുകളിലെ ചിത്രങ്ങളുടെ സഹായത്തോടെ സംഖ്യകൾ എണ്ണുന്നു. | ജൂലൈ-ഓഗസ്റ്റ് | | |
| | | ഉല്ലാസഗണിതം പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ബോൾ കാർഡുകളും ടോക്കണുകളും ഉപയോഗിച്ച് സംഖ്യകൾ എണ്ണുന്നു. ലഘു കളികളിൽ ഏർപ്പെടുന്നു. | സെപ്തംബർ-ഒക്ടോബർ | ടോക്കണുകളും മറ്റ് വസ്തുക്കളും കണ്ടെത്തുക. | |
| | | നിർദ്ദേശങ്ങൾക്കനുസരിച്ച് സ്വന്തമായി ബോൾ കാർഡുകൾ തയ്യാറാക്കുന്നു. | നവംബർ-ഡിസംബർ | | |
| | | എണ്ണത്തിനനുസരിച്ച് സംഖ്യകൾ എഴുതുന്നു. അതിനായി മഞ്ചാടി, മുത്തുകൾ എന്നിവ ഉപയോഗിക്കുന്നു. | നവംബർ-ഡിസംബർ | | |
| | | സംഖ്യാകാർഡുകളുടെ സഹായത്തോടെ സംഖ്യകൾ കൃത്യമായി തെരഞ്ഞെടുക്കുന്നു. | ജനുവരി-ഫെബ്രുവരി | | |
| | | 1 മുതൽ 50 വരെയുള്ള സംഖ്യകൾ കൃത്യമായി എണ്ണുകയും എഴുതുകയും ചെയ്യുന്നു. | മാർച്ച്. | | |

**Academic Masterplan**
**Subject – English Std. 2**

**Learning Outcome**

- Use simple English in daily life
- Reads and comprehends simple picture stories
- Engage in role play
- Follows instructions to do craft work
- Describes pictures using appropriate vocabulary
- Engage in language game

| Sl. No. | Area | Activities | Period | Charge | Finance | Remarks |
|---|---|---|---|---|---|---|
| | | MEW – My English World<br>Children are asked to collect English words from their surroundings. (They can collect wrappers of soap, tooth paste, sweets etc.)<br>They should paste these words in a note book. | July-March | | | |
| | Writing | Picture Description<br>Jigsaw pictures of different scenaries will be provided to all children. Ask them to describe the picture in their own words/sentences. | August-February | | | |
| | Speaking & Writing | Picture Story<br>Small small picture story cards will be given to the children. Children should say a word/sentence about the picture. Develops a story. Children tell the story. Writes the story in the notebook. Develops picture story books. | October-January | | | |

| | | | | | | |
|---|---|---|---|---|---|---|
| | Writing, Enriching vocabulary | A Word a Day (Word Pyramid) A big word like HIPPOPOTAMUS will be given to children every week. They should make as many words as possible using the letters of that word. Then they should write the words in the form of a word pyramid. | September-February | | | |
| | Conversation | Games Engage the children in conversational games and action songs. | June-March | | | |
| | Speaking | Collaborative Picture drawing Make children to draw some pictures based on a theme (BB). Ask them to describtc the picture orally. | | English Teacher | | |
| | Choral Singing | Action Songs Provides opportunites to perform action songs along with classroom activities. | June-March | | | |
| | Performance | TPR Provides opportunities for Total Physical Response by giving different situations. | July-March | | | |
| | Writing | Provides training for writing cursive handwriting (half an hour a day) | September-March | | | |
| | Listening & Speaking | Language Lab Children are allowed to go through the e-cube language lab activities. | July-March | | | |

| | | | | | | |
|---|---|---|---|---|---|---|
| | Performance | Minifest<br>Minifest will be conducted in which the performances of children like TPR, Choreography, Choral singing, Speechl, Recitation, Action songs etc. will be exhibited along with the exhibition of their written works | October | SRG<br>SMC | | |
| | Speaking | Speak Freely<br>(Buzzing session)<br>Teacher can hide an object. Make the children to ask some questions about that object. Only yes/no questions.<br>Eg. Is it an animal?<br>Children should find out the object through the questions.<br>Then they can speak about that object. | December-March | English club | | |
| | Writing, Reference | Picture dictionary<br>Children are asked to prepare a dictionary with the words in each unit. In the beginning a picture and its English word is enough. Later children should include the meaning and a sentence using that word. | | | | |
| | Writing | Reading Card<br>Teacher will prepare sub-texts for each unit.<br>Children should prepare atleast one reading card for each unit. | July-March | | | |
| | Writing | English magazine<br>Children should write small songs, descriptions, stories & riddles of their own. Including all these products develops an English magazine | March | | | |

| | | | | | | |
|---|---|---|---|---|---|---|
| | Sings songs rhythmically | Recitation<br>Ensures that at the end of academic year, all the children will be able to recite the songs in the course book, correct intonation, tone and pause. | | | | |

## സ്റ്റാൻഡേർഡ് - 2
## വിഷയം - മലയാളം

| ക്രമ. നം. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചാർജ്ജ് | സാമ്പത്തികം | Remarks |
|---|---|---|---|---|---|---|
| 1 | ഇഷ്ടപ്പെട്ട വായനസാമഗ്രികൾ വായിച്ചാസ്വദിക്കുകയും വായനാനുഭവങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും ചെയ്യുന്നു. | ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട വായന ക്കാർഡുകൾ തെരഞ്ഞെടുത്ത് ക്ലാസ്സ് ലൈബ്രറിയിൽ പ്രദർശിപ്പിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നു. | ജൂൺ-മാർച്ച് | | | |
| | | ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട ഉപപാഠങ്ങൾ (sub-texts) രൂപീകരിച്ച് ക്ലാസ്സിൽ വായനക്കായി നൽകുന്നു. | ജൂൺ-മാർച്ച് | | | |
| | കഥ, കവിത എന്നിവയെ ആസ്പദമാക്കി ഒറ്റയ്ക്കും സംഘമായും അഭിനയിക്കുന്നു. | വായനക്കാർഡുകളുടെയും കുട്ടിക്കഥകൾ/കവിതകൾ ഇവയുടെ വൈവിധ്യമാർന്ന ആവിഷ്കാരം നടത്തുന്നു. (choreography, skit, mime etc.) | ജൂലൈ - മാർച്ച് | | | |
| | | വായനക്കാർഡ് - കുട്ടികളുടെ പങ്കാളിത്തത്തോടെ തയ്യാറാക്കുന്നു. വായനയ്ക്കുശേഷം കുറിപ്പുകൾ തയ്യാറാക്കാനും എല്ലാപേർക്കും വായിക്കാനുള്ള അവസരവും നൽകുന്നു. | ജൂലൈ-മാർച്ച് | | | |
| | | വായനക്കാർഡുകളും കുറിപ്പുകളും ശേഖരിച്ച് ക്ലാസ്സ് ലൈബ്രറി വിപുലപ്പെടുത്തുന്നു. | ജൂലൈ-സെപ്തംബർ | | | |
| | അറിയിപ്പുകൾ | സ്കൂൾ റേഡിയോ ആരം | ഫെബ്രു | | | |

| | | | | | | |
|---|---|---|---|---|---|---|
| | തയ്യാറാക്കി അവതരിപ്പിക്കുന്നു. | ഭിച്ച് കുട്ടികൾക്ക് വിവിധ പരിപാടികൾ വായിച്ച് അവതരിപ്പിക്കാനുള്ള അവസരം | വരി | | | |
| | കഥാചിത്രങ്ങൾ നിരീക്ഷിച്ച് കഥ പറയൽ | വ്യത്യസ്ത ചിത്രക്കഥകളുടെ ചിത്രങ്ങൾ അടങ്ങിയ കാർഡുകൾ വിതരണം ചെയ്യുന്നു. കാർഡുകൾ നോക്കി കഥ വികസിപ്പിക്കുന്നു. കഥ പറയുന്നു. | ആഗസ്റ്റ്-മാർച്ച് | | | |
| | | മികച്ച വായനക്കാർ, അവതാരകർ, അക്ഷരശുദ്ധിയോടെ വായിക്കാനും പ്രോഗ്രാം കോമ്പിയർ ചെയ്യാനും അവസരം നൽകുന്നു. | ജൂലൈ-മാർച്ച് | | | |

# ACADEMIC MASTER PLAN

# Std – 2 MATHS

## പ്രവർത്തന ലക്ഷ്യങ്ങൾ

(•) രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാ ബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.

(•) സംഖ്യാ ബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.

(•) ഒരു സംഖ്യയോട് മറ്റൊരു സംഖ്യകൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ.

(•) പ്രയോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.

**1. ജൂൺ**

* 1, 2, 3, 4 ...............
* 1, 3, 5, 7 ...............
* 10, 20, 30, 40 ...........
* 5, 10, 15, 20 ..............
* 2, 4, 6, 8 ..................... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
  * ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയുടെ 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

**2. ജൂലൈ**

* ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽ പ്പെട്ട മറ്റൊരുകൂട്ടം വസ്തുകൾ ചേർത്ത് ആദ്യകൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
* ഗണികിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
* പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ.

(5+5 =10), (10+10 =20)

3. **ആഗസ്റ്റ്**

* വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

  99 നോട്1 കൂട്ടിയാൽ 100.

  10 പത്തുകൾ ചേർന്നാൽ 100 ആകും.

  100 ഒന്നുകൾ ചേർന്നതാണ് 100.

4. **സെപ്റ്റംബർ**

* ഗണിതക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രയോഗിക പ്രശ്നം പരിഹരിക്കൽ.
* വിലവിവരപ്പട്ടിക തയ്യാറാക്കൽ.
* ക്ലാസിലൊരുകട, സ്കൂളിലൊരുകട ഗണിതാശയങ്ങൾ പ്രയോഗിക രീതീയിലൂടെ ഉറപ്പിക്കൽ.

5. **ഒക്ടോബർ**

* രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

  (രണ്ടക്ക സംഖ്യയിൽ നിന്നും ഒരക്ക സംഖ്യയുടെ വ്യവകലനം)
* സങ്കലന, വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.

6. **നവംമ്പർ**

* സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)
* പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാക്കി സംഖ്യ എഴുതൽ.
* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്ത് സംഖ്യരൂപീകരിക്കൽ.

  5രൂപ (നാണയം)

  10 രൂപ നോട്ട് + =15 രൂപ

7. **ഡിസംബർ**

* സംഖ്യാ ബോധം തിരിച്ചറിവിൽ - സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.
* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി.

സ്ഥാന വില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ

8. **<u>ജനുവരി</u>**

* വില വിവരപ്പട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ, പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ.
* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നം നിർധാരണം ചെയ്യൽ.

9. **<u>ഫെബ്രുവരി</u>**

* ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗാനാലാപനം നടത്തൽ. (ഒന്ന് എന്ന് പറയുമ്പോൾ.........)
* ഉല്ലാസ ഗണിതം Martials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കാൻ ഗണിതപഠനം കർമ്മരീതിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.

10. **<u>മാർച്ച്</u>**

* കലണ്ടർ പതിപ്പ് തയ്യാറാക്കൽ
* കലണ്ടറിലെ കറുത്ത അക്കങ്ങളുടെയും ചുവന്ന അക്കങ്ങളുടെയും തിരിച്ചറിവ്.
* മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം
* കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ

# ഗണിതം –Std. III

## ലക്ഷ്യങ്ങൾ

- ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിത ശേഷി ഉറപ്പാക്കുന്നു.
- മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നപരിഹരണശേഷിയുള്ളവരാക്കി മാറ്റുക.
- മൂന്നക്ക സംഖ്യകൾ കൈകാര്യം ചെയ്യാൻ അറിയുക.

## ജൂൺമാസ പ്രവർത്തനങ്ങൾ

- രണ്ടക്കസംഖ്യകൾ വായിക്കാനും എഴുതാനും വേണ്ട പ്രവർത്തനങ്ങൾ
- രണ്ടക്ക സംഖ്യയെ വിവിധ രീതികളിൽ വ്യാഖ്യാനിക്കൽ
- രണ്ടക്ക സംഖ്യ ഉപയോഗിച്ചുള്ള സങ്കലന വ്യവകലന ക്രിയകൾ

## ജൂലൈമാസ പ്രവർത്തനങ്ങൾ

- പണം നിക്ഷേപിക്കുന്ന പ്രവർത്തനം
- ക്ലാസിൽ ഒരു കട, സ്കളൗളിൽ ഒരു കട പ്രവർത്തനങ്ങൾ.
- പട്ടിക പൂർത്തിയാക്കൽ.
- മൂന്ന സംഖ്യകളുടെ വ്യാഖ്യാനം 100 മുതൽ 200 വരെ
- സംഖ്യ 100 വീതം കൂട്ടി 1000 വരെ എഴുതൽ.

## ആഗസ്റ്റ് മാസ പ്രവർത്തനങ്ങൾ

- ഒരു മൂന്നക്ക സംഖ്യയുടെ മുമ്പിൽ സംഖ്യകൾ എഴുതൽ.
- ഗണിത വിജയപ്രവർത്തനങ്ങൾ സജ്ജമാക്കൽ.

## സെപ്റ്റംബർമാസ പ്രവർത്തനങ്ങൾ

- ഗണിത ശില്പശാല
  - സ്ഥാനവില പോക്കറ്റ് നിർമ്മാണം
  - വിവിധ ഗണിത കേളികൾ ഏർപ്പെടുത്തൽ
  - ഗണിത പഠനോപകരണ നിർമ്മാണം

### ഒക്ടോബർമാസ പ്രവർത്തനങ്ങൾ

- മൂന്നക്ക സംഖ്യകളുടെ വ്യാഖ്യാനം
- കൂടുതൽ ഗണിത തന്ത്രങ്ങൾ ഉപയോഗിക്കൽ
- കെ.എൽ. ഷീറ്റ് പ്രവർത്തനങ്ങൾക്ക് സാധ്യത കണ്ടെത്തൽ/ഒരുക്കൽ
- ഗണിതാശയ രൂപീകരണം

### നവംബർമാസ പ്രവർത്തനങ്ങൾ

- 3 അക്ക സംഖ്യകൾ - (അബാക്കസ്, കളിനോട്ട്) സ്ഥാനവിലയിൽ അറിവ് വർദ്ധിപ്പിക്കൽ
- ഗണിതാശയ രൂപീകരണം

### ഡിസംബർമാസ പ്രവർത്തനങ്ങൾ

- അക്കങ്ങൾ ആവർത്തിക്കാതെ വ്യത്യസ്ത 3 അക്ക സംഖ്യകൾ ഉണ്ടാക്കൽ.
- കളിനോട്ടുകളുടെ ഉപയോഗം കൂടുതൽ ഉപകാരപ്പെടുത്തൽ.

### ജനുവരിമാസ പ്രവർത്തനങ്ങൾ

- സംഖ്യാകൂട്ടത്തിൽനിന്ന് വലിയ സംഖ്യ, ചെറിയസംഖ്യ എന്നിവ കണ്ടെത്തൽ
- ഗണിത കേളികളിൽ ഏർപ്പെടുന്നു.
- ചതുഷ്ക്രിയാ പ്രവർത്തനങ്ങൾ ഉറപ്പിക്കൽ.

### ഫെബ്രുവരി മാസ പ്രവർത്തനങ്ങൾ

- 3 അക്ക സംഖ്യകൾ ആരോഹണ/അവരോഹണ ക്രമത്തിലാക്കൽ
- ഗുണനിലവാര പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.

### മാർച്ച്മാസ പ്രവർത്തനങ്ങൾ

- 3 അക്ക സംഖ്യകൾ ഉപയോഗിച്ചുള്ള പ്രശ്നപരിഹാര പ്രവർത്തനങ്ങൾ
- ഗണിത വിജയപ്രവർത്തനങ്ങൾ ഉറപ്പാക്കൽ.
- ഗണിത പ്രോജക്ടുകൾ സംഘടിപ്പിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയം - പരിസരപഠനം Std. 3

ലക്ഷ്യം - പരിസ്ഥിതിസൗഹൃദമനോഭാവം വളർത്തിയെടുക്കുക.

| ക്രമ. നം, | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചാർജ്ജ് | സാമ്പത്തികം | Remarks |
|---|---|---|---|---|---|---|
| | പ്രകൃതിയുടെ വരദാനമായ ജലം അമൂല്യമാണെന്ന് തിരിച്ചറിഞ്ഞ് ജല സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | ഫീൽഡ് ട്രിപ്പ് പരിസ്ഥിതിയെ അടുത്തറിയാൻ വാട്ടർ വാക്ക് നടത്തുന്നു. അടുത്തുള്ള നദിയുടെ തീരത്തേക്ക് SMC, PTA എന്നിവരുടെ സഹകരണത്തോടെ പോകുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നു. ഇക്കോ-ബ്രിക്സ് നിർമ്മാണം. പൂന്തോട്ടത്തിനു ചുറ്റുമതിൽ നിർമ്മിക്കുന്നു. | ആഗസ്റ്റ്-ഡിസംബർ | SMC, PTA | | |
| | | ചുറ്റുമുള്ള സസ്യങ്ങൾ നിരീക്ഷിച്ച് സമാന്തര സിരാവിന്യാസമുള്ള സസ്യങ്ങൾ, ജാലികാസിരാവിന്യാസമുള്ള സസ്യങ്ങൾ എന്നിവ ലിസ്റ്റ് ചെയ്യുന്നു. | ജനുവരി -ഫെബ്രുവരി | EVS Teacher | | |
| | | കർക്കടകത്തിലെ ഭക്ഷണ ശീലങ്ങളെക്കുറിച്ച് മുതിർന്നവരോട് അന്വേഷിച്ച് വിവരങ്ങൾ കണ്ടെത്തുന്നു. കർക്കടകക്കഞ്ഞി ഉ ാക്കുന്ന വിധം മനസ്സിലാക്കുന്നു. | ജൂലൈ-ആഗസ്റ്റ് | Science Club, Seed Club, EVS teacher | | |
| | നല്ല ആഹാര ശീലങ്ങൾ നിർദ്ദേശിക്കാനും പാലി | ആഹാരത്തെക്കുറിച്ച് സർവ്വേ നടത്തുന്നു. 5 വീടുകളിലെ വ്യക്തികളുടെ ആഹാരം ലിസ്റ്റ് | | | | |

| | | | | | | |
|---|---|---|---|---|---|---|
| | ക്കുവാനും കഴിയുന്നു. | ചെയ്യുന്നു.<br>പോഷകസമൃദ്ധവും ഗുണമേന്മയുള്ളതുമായ ഭക്ഷണം കഴിക്കുന്നവരെ കണ്ടെത്തുന്നു. | | | | |
| | പച്ചക്കറിത്തോട്ടത്തിന്റെ പ്രാധാന്യം നിർദ്ദേശിക്കാൻ കഴിയുന്നു. | പച്ചക്കറിക്കട സന്ദർശനം<br>ചോദ്യാവലി തയ്യാറാക്കുന്നു.<br>ഓരോ പച്ചക്കറിയും എവിടെനിന്ന് ലഭിക്കുന്നുവെന്ന് ചോദിച്ചറിയുന്നു.<br>പട്ടികപ്പെടുത്തുന്നു. | | | | |

## Academic Master Plan
## Subject-English Std 3 & 4

**Learning Outcome**

- Use simple English in daily life
- Write small descriptions about pictures using variety of sentences.

| Sl. No. | Area | Activities | Period | Charge | Finance | Remarks |
|---|---|---|---|---|---|---|
| | Listening, Reading, Writing | Games<br>June-March<br>Gives instructions in English and makes the children to describe the games.<br>Writes about the game they have played during a week. (Child has freedom to write about their game which they liked the most) | August-March | | | |
| | | Gives different pictures to the children and asks them to describe the picture | August-March | | | |
| | | Pictures of different objects are displayed on the magic wall and asks them to describe the objects using different attributes. | | | | |
| | | Children make picture albums with some notes. | | | | |
| | | Chain reading is done in classes. Reads simple stories in groups. For this picture story cards will be given. | | | | |
| | Writing | Story completion cards will be provided to the learners. There will be pictures in the cards. Based on the pictures children should write simple sentences and develop the story. | | | | |

| | | | | | | |
|---|---|---|---|---|---|---|
| | Conversation | Shows the conversational videos using ICT.<br>Children should role play the conversation.<br>Engage them in conversational games.<br>Teacher will ask some interesting questions such as<br>1. How to make a cup of tea?<br>2. You are going to brush your teeth. What will you do?<br>3. How to serve porotta and chicken curry to your parents?<br>4. Books are on the table. How will you put your books inside the bag?<br>Divides the kids into two teams. When the teacher says go, the children should run and take a card. A question will be there on that card. That team should answer the questions. If the answer is correct, they will get point. | | | | |
| | Speaking | Descriptive drawing activity<br>Make children to take a picture placed on the table and describe about the picture. Then other children should draw the picture. | | | | |
| | Pronunciation | Tongue twisters<br>Children are given opportunities to listen some tongue twisters.<br>One day – One tongue twister on the display board. | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | Language lab<br>Children listen to the E-cube stories and do the activities. | | | | |
| | Speaking | Say something freely. But it should be complete sentences like<br>*I played football*<br>*My brother gave me sweets*<br>If a child fails to say the sentence, he will be out.<br>From this, children can develop a story.<br>Continue the game.<br>The first player begins by saying "I went to the market and bought a bag of potatoes".<br>The next player should say "I went to the market and bought some fruits".<br>Like this, the game continues. | | | | |
| | Find out the meanings of different words using a dictionary | Teacher gives opportunities to make picture dictionaries based on each unit.<br>Ask them to say another word for a word.<br>Provides photocopies of dictionary pages. Teacher says some words.<br>Children should find their meanings. | August-September<br><br>October – December | | | |
| | | Asks them to bring pocket dictionaries.<br>Realises the arrangement of words in a dictionary.<br>Children select the new words from the units and make their own dictionaries. | January-March | | | |

| | | | | | | |
|---|---|---|---|---|---|---|
| | Riddles | Gives children the opportunity to hear and answer simple riddles.<br>Children make the riddles by themselves.<br>Riddle competition among the learners. | August-March | | | |
| | Visualisation | Provides opportunites to visualise the events in a story.<br>Children present the story as TPR, Skit, Mime etc. | June-March | | | |
| | Sequencing the events | Pictures in a unit will be given to the learners. Arrange them in proper order. Re-tells the story. | | | | |
| | News reading | Provides English newspaper cuttings and let them read and match the news with the headlines.<br>Gives news headlines using ICT and make them read the news.<br>News hour – 15 minutes in the morning and 15 minutes in the afternoon will be used for news reading. | | | | |
| • | Reads and comprehends stories. | Readers's Theatre<br>The story will be divided into parts and given to different children. They should read the part with voice modulation. They can take practise from home. Once in a week, this activity can be done. | August-March | | | |
| | | **English Fest**<br>Children are provided with amble opportunities to exhibit their skills in English such as speaking, asking questions, skits, choreography etc. | September | | | |

| | | | | | | |
|---|---|---|---|---|---|---|
| | | Camp – Two day<br>To create a fear free atmosphere to speak English and do some activities with their peer group. | January | | | |
| | | Film Theatre<br>Shows small short films (animated).<br>Initiated an interaction based on the film.<br>Who are the characters?<br>Whom do you like the most?<br>What is the message of the film?<br>Have you seen such a character anywhere?<br>Now can you write the review of the film? | | | | |
| | | English Wall magazine<br>Children can write small small songs, stories, riddles, puzzles of their own. Including all their products, makes the wall magazine. | July-March | | | |

# ACADEMIC MASTER PLAN

# Std – IV MATHS

## ലക്ഷ്യങ്ങൾ

1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. കരിക്കുലം വീഭാവനം ചെയ്യുന്ന ശേഷികൾ നെടിയെന്ന് ഉറപ്പാക്കുക.
4. ആധുനിക സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. യുക്തി ചിന്ത, ഗണിത ചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## പ്രവർത്തനങ്ങൾ

1. ജൂൺ
   * നാലക്ക സംഖ്യകളുടെ സംഖ്യാ ബോധം, വ്യാഖ്യാനം.
   * കളിനോട്ടുകൾ ഉപയോഗിച്ചുള്ള ഗണിത കേളികൾ.
   * റോമൻ സംഖ്യാ സമ്പ്രദായം പരിചയപ്പെടൽ.

2. ജൂലൈ
   * ക്ലോക്ക് നിർമ്മാണം.
   * മിനിറ്റ് സെക്കൻസുമായും മണിക്കൂർ മായുമുള്ള ബന്ധം വിശദീകരിക്കുന്നു.
   * സമയത്തെ am/pm എന്നിവ ഉപയോഗിച്ച് പറയുന്നു.
   * സമയ ദൈർഘ്യം കണ്ടെത്തുന്നു.
   * ഗണിതമേള സ്കൂൾ തലത്തിൽ.

3. ഓഗസ്റ്റ്
   * ഗണിത ശാസ്ത്ര പ്രതിഭകളെ പരിചയപ്പെടൽ - പതിപ്പ് തയ്യാറാക്കൽ.
   * ഗണിത ക്വിസ് സംഘടിപ്പിക്കൽ.

4. സെപ്റ്റംബർ
* വീട്ടിലെ കറന്റ് ബില്ല് കുറയുന്നതിനുള്ള സർവ്വേ.
* കുടുംബ ബജറ്റ് തയ്യാറാക്കൽ.

5. ഒക്ടോബർ
* ചുറ്റുപാടുമുള്ള ത്രിമാന വസ്തുക്കൾ പട്ടികപ്പെടുത്തൽ.
* ജാമിതീയ രൂപങ്ങളുടെ വൈവിധ്യപൂർണമായ നിർമ്മാണങ്ങൾ കൊണ്ട് എക്സിബിഷൻ നടടത്തൽ.

6. നവംബർ
* ഗുണന ക്രിയകൾ ആയാസകരമാക്കാനായി Work Shift നൽകുന്നു.
* IT Maths ജിയോ – ജിബ്ര പരിചയപ്പെടുത്തൽ.

7. ഡിസംബർ
* ഹരണത്തിന്റെ വിവിധ രീതികൾ കണ്ടെത്തൽ.
* പകുതിയും കാൽഭാഗവും കണ്ടെത്തൽ.
* വിവിധ ജാമിതീയ രൂപങ്ങളിൽ ½, ¼ എന്നിവ കണ്ടെത്തൽ.

8. ജനുവരി
* നീളം അളക്കുന്നതിനുള്ള ഏകകം കണ്ടെത്തൽ.
* അളവ് പാത്രങ്ങൾ, അളക്കുന്നതിനുള്ള ഉപകരണങ്ങൾ എന്നിവ നിർമ്മാണം, പ്രദർശനം.

9. ഫെബ്രുരി
* ചിത്രങ്ങളും വരകളും ഉപയോഗിച്ച് വിവരങ്ങൾ അവരിപ്പിക്കൽ.
* IT Data Collection games

10. മാർച്ച്
* സ്ഥാനവില അനുസരിച്ച് വ്യാഖ്യാനിക്കൽ.
* പതിനായിരത്തിന് അപ്പുറത്തുള്ള സംഖ്യകൾ അക്കത്തിലും അക്ഷരത്തിലും എഴുതുക.

# മലയാളം -III & IV

| | | | |
|---|---|---|---|
| വായന അക്ഷരസ്ഫുടതയോടെയും ഒഴുക്കോടെയും ആശയ വ്യക്തതയോടെയും ഉള്ള വായന | • വായിക്കാം<br>• വായിക്കാം എഴുതാം<br>• ആശയം പറയാം | • ഉച്ചത്തിലുള്ള വായന<br>• നിശ്ശബ്ദ വായന<br>• വായനാകാർഡ് നോക്കി നോട്ടുബുക്കിൽ എഴുതൽ<br>• കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>• കുട്ടി രക്ഷിതാവിന് വായനാക്കാർഡ് വായിച്ചു കേൾപ്പിക്കുന്നു.<br>• വായന ഓഡിയോ/വീഡിയോ എഴുത്ത് അയക്കൽ | |
| | ആശയം പറയാം | • കുട്ടിക്ക് ഒരു ലൈബ്രറി പുസ്തകം നൽകുന്നു.<br>• നിശ്ശബ്ദ വായന<br>• വായിച്ചറിഞ്ഞ ആശയം പറയുന്നു<br>• ആവശ്യമെങ്കിൽ ആവർത്തന വായന കുട്ടുകാരുടെ മുന്നിൽ ഒഴുക്കോടെ ഉച്ചത്തിൽ വായിക്കുന്നു.<br>• വായിച്ചറിഞ്ഞ ആശയം പങ്കുവെയ്ക്കൽ. | |
| | തുടർപ്രവർത്തനം | • രക്ഷിതാവിന് ആശയം പറഞ്ഞുകൊടുക്കൽ | |

| | | | |
|---|---|---|---|
| | വായിക്കാം - ആഗ്രഹം പറയാം | • കുട്ടികൾക്ക് കഥാ കാർഡ് നൽകുന്നു.<br>• വായിച്ചവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>• കഥാപാത്രങ്ങളെക്കുറിച്ചും കഥയെക്കുറിച്ചും അഭിപ്രായം പറയാൻ അവസരം നൽകുന്നു.<br>• അഭിപ്രായം പങ്കുവെയ്ക്കൽ. | |
| | ക്ലാസ്സ് റൂം ലൈബ്രറി | • ക്ലാസ് റൂം ലൈബ്രറി ഒരുക്കൽ<br>• ലൈബ്രേറിയനായി ഒരു കുട്ടിയെ തെരഞ്ഞെടുക്കൽ<br>• പുസ്തക വിതരണം<br>• രേഖപ്പെടുത്തൽ<br>• വായന, വായനാനുഭവം പങ്കുവെയ്ക്കൽ | |
| കഥ, കവിത എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. | കഥ - കേൾക്കാം കാണാം - എഴുതാം | • കുട്ടികൾക്ക് ഐ.സി.റ്റി. ഉപയോഗിച്ച് കഥ കാണാൻ അവസരം നൽകുന്നു.<br>• കുട്ടി കണ്ട കഥ പറയുന്നു.<br>• കുട്ടി കണ്ട കഥ സ്വയം എഴുതുന്നു.<br>• ടീച്ചറിന്റെ ഇടപെടൽ<br>• മെച്ചപ്പെടുത്തി എഴുതൽ. | |
| | തുടർപ്രവർത്തനം | • രക്ഷിതാവിന് കുട്ടി എഴുതിയ കഥ വായിച്ചു കേൾപ്പിക്കുന്നു.<br>• ഓഡിയോ/വീഡിയോ എഴുത്ത് അയക്കുന്നു. | |

| | | | |
|---|---|---|---|
| ചിത്രത്തിലെന്തെല്ലാം? വിവരണം തയ്യാറാക്കാം | ചിത്രത്തിലെന്തെല്ലാം? വിവരണം എഴുതാം. | • ചിത്രം നിരീക്ഷിക്കാൻ അവസരം.<br>• കണ്ട ചിത്രം നിരീക്ഷിച്ച് വിവരണം എഴുതൽ.<br>• ചിത്രത്തിൽ എന്തെല്ലാമെന്ന് പറയാൻ അവസരം.<br>• വിവരണം എഴുതൽ (അധ്യാപികയുടെ ഇടപെടൽ മുഖേന).<br>• മെച്ചപ്പെടുത്തൽ. | |
| | കവിത പൂർത്തിയാക്കാം. പാടി അവതരിപ്പിക്കാം | • കവിത പൂർത്തിയാക്കൽ.<br>• കവിതയുടെ ഈണം കണ്ടെത്തി പറയൽ.<br>• കൂടുതൽ വരികൾ കൂട്ടിച്ചേർക്കൽ.<br>• കുട്ടി എഴുതിയ കവിത രക്ഷിതാവിന് പാടി കേൾപ്പിക്കൽ. | |
| | തുടർപ്രവർത്തനം | • കവിത പാടുന്ന ഓഡിയോ/വീഡിയോ എടുത്ത് അയക്കൽ. | |
| | • സർഗ്ഗാത്മക രചന<br>• വായനാകുറിപ്പ് | • കുട്ടിക്ക് ഇഷ്ടമുള്ള കഥാപാത്രങ്ങളെ ഉൾപ്പെടുത്തി സ്വയം കഥ എഴുതാൻ അവസരം നൽകുന്നു.<br>• കുട്ടി എഴുതിയ കഥ വായിച്ച് കൂട്ടിച്ചേർക്കലുകൾ/മെച്ചപ്പെടുത്തലുകൾ നടത്തുന്നു.<br>• കുട്ടി കഥ മെച്ചപ്പെടുത്തി എഴുതുന്നു.<br>• കുട്ടി ക്ലാസിൽ അവതരിപ്പിക്കുന്നു. | |

| | | | |
|---|---|---|---|
| | | • കുട്ടി ലൈബ്രറിയിൽനിന്ന് പുസ്തകം തെരഞ്ഞെടുക്കുന്നു. (കഥ, കവിത)<br>• വായനാകുറിപ്പ് എഴുതുന്നു.<br>• ആശയം, കഥാപാത്രങ്ങൾ, ഇഷ്ടപ്പെട്ട കഥാപാത്രം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ പറയുന്നു.<br>• മെച്ചപ്പെടുത്തലും കൂട്ടിച്ചേർക്കലും.<br>• വായനാകുറിപ്പ് മെച്ചപ്പെടുത്തി എഴുതിയത് ലൈബ്രറിയിലേക്ക്. | |
| | വായനാകുറിപ്പ്/ആസ്വാദനക്കുറിപ്പ് | • കുട്ടി കവിത വായിക്കുന്നു.<br>• ആശയം പങ്കുവയ്ക്കുന്നു.<br>• എഴുതിയ കവിയെ പറയുന്നു/കൃതിയെ പറയുന്നു/ഇഷ്ടപ്പെട്ട വരി<br>• ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ/മെച്ചപ്പെടുത്തൽ/എഴുതൽ.<br>• അവതരണം. | |

ി

42